**ഭരണഭാഷ – മാതൃഭാഷ**
**നടപടിത്തീർപ്പ്**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തൃശ്ശൂർ - ജീവനക്കാര്യം - ശ്രീ. പ്രിൻസ് അഗസ്റ്റിൻ സി ടി, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II - അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത് - അച്ചടക്ക നടപടി - സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ

നം.ഇഎസ്ടിഎസ്ആർ/5196/2023-ഇഎ(2)

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
ജില്ലാ ഓഫീസ്
സിവിൽ സ്റ്റേഷൻ, അയ്യന്തോൾ
തൃശ്ശൂർ-680003
ഫോൺ : 0487 2991125
ഇമെയിൽ : ecostattsr@gmail.com
തീയതി : 25-09-2025

---

സൂചന :
1. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടറുടെ 22/01/2024 ലെ ഡിഇഎസ്/273/2024-ഇഎ3 നമ്പർ ഉത്തരവ്
2. ഈ ഓഫീസിലെ 06/01/2025 ലെ ഇതേ നമ്പർ കത്ത്
3. ഈ ഓഫീസിലെ 05/05/2025 ലെ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും
4. ഈ ഓഫീസിലെ 13/06/2025 ലെ അനക്സർ എച്ച്-4
5. ഈ ഓഫീസിലെ 23/07/2025 ലെ അനക്സർ എച്ച്-5

**ഉത്തരവ് നമ്പർ: ഇഎസ്ടിഎസ്ആർ/5196/2023-ഇഎ(2), തീയതി:25-09-2025**

ശ്രീ. പ്രിൻസ് അഗസ്റ്റിൻ സി ടി എന്ന താങ്കൾക്ക് തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II തസ്തികയിൽ ജോലിയിലിരിക്കെ സൂചന (1) പ്രകാരം 22/01/2024 മുതൽ 09/12/2024 വരെ (323 ദിവസം) കെ.എസ്.ആർ ഭാഗം I, അനുബന്ധം XII C അടിസ്ഥാനത്തിലുള്ള ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ അവധി കാലയളവ് പൂർത്തിയായതിനു ശേഷവും താങ്കൾ ജോലിയിൽ തിരികെ

പ്രവേശിക്കാത്ത സാഹചര്യത്തിൽ അടിയന്തരമായി ജോലിയിൽ പ്രവേശിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് താങ്കളുടെ ഇമെയിൽ വിലാസത്തിലും ലഭ്യമായ താങ്കളുടെ പ്രാദേശികവിലാസത്തിൽ രജിസ്റ്റേർഡ് തപാൽ മുഖേനയും സൂചന (2) പ്രകാരമുള്ള കത്ത് അയച്ചിരുന്നു. എന്നാൽ അയച്ച കത്ത് "Addressee out of India" എന്ന തപാൽ വകുപ്പിന്റെ രേഖപ്പെടുത്തൽ സഹിതം തിരികെ വന്നിട്ടുള്ളതാണ്.

സൂചന (3) പ്രകാരമുള്ള കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും താങ്കളുടെ ഇമെയിൽ വിലാസത്തിലും ലഭ്യമായ താങ്കളുടെ പ്രാദേശികവിലാസത്തിൽ രജിസ്റ്റേർഡ് തപാൽ മുഖേനയും അയച്ചിരുന്നു. ആയത് "Addressee absent" എന്ന തപാൽ വകുപ്പിന്റെ രേഖപ്പെടുത്തൽ സഹിതം തിരികെ വന്നിട്ടുള്ളതാണ്.

ടി സാഹചര്യത്തിൽ സൂചന (4) പ്രകാരമുള്ള അനക്സർ എച്ച്-4 നോട്ടീസ് വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട അച്ചടക്ക നടപടികൾ സ്വീകരിച്ച വിവരം അറിയിച്ചു കൊണ്ടും വിശദീകരണം എന്തെങ്കിലുമുണ്ടെങ്കിൽ ആയത് 15 ദിവസത്തിനകം സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഉള്ള അനക്സർ എച്ച്-5 ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ 20/08/2025 -ലെ ദേശാഭിമാനി, കേരള കൗമുദി തുടങ്ങിയ ദിനപത്രങ്ങളിലും ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീ. പ്രിൻസ് അഗസ്റ്റിൻ സി ടി എന്ന താങ്കൾ കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ രേഖാമൂലം മറുപടി നൽകുകയോ ഓഫീസിൽ നേരിട്ട് ഹാജരാകുകയോ ചെയ്തിട്ടില്ല. അനക്സർ എച്ച്-5 പ്രസിദ്ധീകരിച്ചതിനു ശേഷവും താങ്കൾ രേഖാമൂലം വിശദീകരണം നൽകുകയോ ഓഫീസിൽ നേരിട്ട് ഹാജരാകുകയോ ചെയ്തിട്ടില്ല.

നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ താങ്കൾ നേരിട്ട് ഹാജരാകുകയോ പ്രതിവാദ പത്രികയോ മറ്റു വിശദീകരണമോ നൽകാത്തതുമായ സാഹചര്യത്തിൽ താങ്കൾക്ക് ഒന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ചുവടെ പറയും പ്രകാരം അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II, ശ്രീ. പ്രിൻസ് അഗസ്റ്റിൻ സി ടി -യെ 1960 ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളും കെ.എസ്.ആർ പാർട്ട് I അനുബന്ധം XII C പ്രകാരവും സർവ്വീസിൽ നിന്ന് താല്ക്കാലികമായി നീക്കം ചെയ്തു കൊണ്ടുള്ള തീരുമാനം സ്ഥിരപ്പെടുത്തി ടിയാളെ 10/12/2024 പൂർവാഹ്നം പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തു കൊണ്ട് ഉത്തരവാകുന്നു.

Signed by
Shojan A P
Date: 25-09-2025 17:22:43

ഡെപ്യൂട്ടി ഡയറക്ടർ

സ്വീകർത്താവ് : ശ്രീ.പ്രിൻസ് അഗസ്റ്റിൻ സി ടി
ചെറിയതയിൽ ഹൗസ്
ആർത്തുങ്കൽ പി ഒ
ആലപ്പുഴ -688530
ഇ-മെയിൽ : princeaugustinect007@gmail.com

പകർപ്പ് :

1) ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് (ഉപരിപത്രം സഹിതം)
2) ശേഖരസഞ്ചയം